ഉത്തരം

(എ&ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

Project Name	As Amount	Present Status of work
Infrastructure development of Meenpidippara tourism centre in Pulamanthodu at Kottarakkara	40,00,000	In progress
Pongupara Research Tourism Destination Kottarakkara, Kollam	49,00,000	In progress
Take a break -Kollam (Kottarakkara Aenath)	46,00,000	Completed

(സി) ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. രണ്ടാംഘട്ട പദ്ധതിയുടെ പൂർണ്ണരൂപരേഖ ലഭിച്ചിട്ടില്ല.

വിനോദ സഞ്ചാര മേഖലയിലെ പ്രതിസന്ധി

331(1032) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കേരളം സന്ദർശിച്ച വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികൾ എത്രയെന്ന് അറിയിക്കുമോ:

(സി) ഓരോ വർഷവും ടൂറിസത്തിലൂടെ കേരളത്തിന് എത്ര തുക വരുമാനം ലഭിച്ചിട്ടുണ്ടെന്നും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ കാരണം എന്തെന്നും അറിയിക്കുമോ:

(ഡി) ടൂറിസം മേഖല ശക്തിപ്പെടുത്താൻ പദ്ധതി തയ്യാറാക്കുന്നുണ്ടോ: വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2011 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ-ആഭ്യന്തര വിനോദസഞ്ചാരികളുടെ വിവരങ്ങളും 2015 വർഷത്തിൽ ജനുവരി മുതൽ ഒക്ടോബർ മാസം വരെയുള്ള വിവരങ്ങളും (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു:

വർഷം	2011	2012	2013	2014	2015 (ഒക്ടോബർ വരെ) (provisional)
വിദേശ വിനോദ സഞ്ചാരികൾ	732985	793696	858143	923366	775390
ആഭ്യന്തര വിനോദ സഞ്ചാരികൾ	9381455	10076854	10857811	11695411	9953137
ആകെ	10114440	10870550	11715954	12618777	10728527

(സി) കേരളത്തിൽ 2011 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ ടൂറിസം വരുമാന കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടികളിൽ)	ആഭ്യന്തര വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടികളിൽ)	വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള മൊത്തം വരുമാനം (Direct & indirect) (കോടികളിൽ)
2011	4221.99	10131.97	19037
2012	4571.69	10883	20430
2013	5560.77	11726.44	22926.55
2014	6398.93	12981.91	24885.44

(ഡി) വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly